**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1610** **13-02-2025 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക റബ്ബർ, കോമ്പൗണ്ട് റബ്ബർ എന്നിവയുടെ ഇറക്കുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തേക്കുള്ള സ്വാഭാവിക റബ്ബർ, കോമ്പൗണ്ട് റബ്ബർ എന്നിവയുടെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഇറക്കുമതി സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുമോ; പ്രസ്തുത ഇറക്കുമതി നിയന്ത്രിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | ഇന്ത്യയിലേക്കുള്ള സ്വാഭാവിക റബ്ബർ, കോമ്പൗണ്ട് റബ്ബർ എന്നിവയുടെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ (2019-20 മുതൽ 2023-24 വരെ) ഇറക്കുമതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.<br><br>റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്തണമെന്നും തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള സ്വാഭാവിക റബ്ബറിന്റെയും കോമ്പൗണ്ട് റബ്ബറിന്റെയും ഇറക്കുമതി തീരുവ 70% ലേയ്ക്ക് ഉയർത്തണമെന്നും സംസ്ഥാന സർക്കാർ നിരവധി തവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്വാഭാവിക റബ്ബർ ഇറക്കുമതിയ്ക്ക് നിലവിലുള്ള തുറമുഖ നിയന്ത്രണങ്ങൾ തുടരണമെന്നും സ്വാഭാവിക റബ്ബർ, ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019ലെ നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഇന്ത്യയിലേക്കുള്ള സ്വാഭാവിക റബ്ബർ ,കോമ്പൗണ്ട് റബ്ബർ എന്നിവയുടെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ (2019-20 മുതൽ 2023-24 വരെ) ഇറക്കുമതി സംബന്ധിച്ച വിവരങ്ങൾ ചുവടെച്ചേർത്തിരിക്കുന്നു.

| വർഷം | സ്വാഭാവിക റബ്ബർ (HS 4001) (ടണ്ണിൽ ) | കോമ്പൗണ്ട് റബ്ബർ (HS 4005) (ടണ്ണിൽ ) |
|---|---|---|
| 2019-20 | 457223 | 101703 |
| 2020-21 | 410478 | 95566 |
| 2021-22 | 546369 | 114638 |
| 2022-23 | 528677 | 137018 |
| 2023-24 | 492682 | 169820 |

ഡെപ്യൂട്ടി സെക്രട്ടറി